കൺസ്യൂമർ വെൽഫെയർ ഫണ്ട്

63 (2541) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൺസ്യൂമർ വെൽഫെയർ ഫണ്ട് എന്നു മുതൽ നിലവിൽ വന്നുവെന്ന് അറിയിക്കുമോ ;

(ബി) കൺസ്യൂമർ വെൽഫെയർ ഫണ്ട് മുഖേന നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുമോ ;

(സി) കഴിഞ്ഞവർഷം കൺസ്യൂമർ വെൽഫെയർ ഫണ്ട് മുഖേന നടത്തിയ പ്രധാനപ്പെട്ട പ്രവർത്തനങ്ങളെന്തെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഉപഭോക്താക്കൾക്കിടയിൽ അവബോധമുണ്ടാക്കുന്നതിനായി കൺസ്യൂമർ വെൽഫെയർ ഫണ്ട് പുതിയതായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) 7-3-2007-ലെ ജി.ഒ.(പി) നമ്പർ 09/07/ഭ.പൊ.വി.ഉ.കാ.വ. ഉത്തരവു പ്രകാരം സംസ്ഥാനത്ത് കൺസ്യൂമർ വെൽഫെയർ ഫണ്ട് നിലവിൽ വന്നു.

(ബി&സി) സംസ്ഥാനത്തെ ഉപഭോക്തൃ അവകാശ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്നതാണ് കൺസ്യൂമർ വെൽഫെയർ ഫണ്ടിന്റെ ലക്ഷ്യം. കഴിഞ്ഞ വർഷം ഉപഭോക്തൃ അവകാശ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്ന സന്നദ്ധ ഉപഭോക്തൃ സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകി, ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവബോധം സൃഷ്ടിക്കുന്നതിനുമായി എക്സിബിഷൻ സംഘടിപ്പിക്കുകയും, ഹ്രസ്വചിത്രങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. കൂടാതെ ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്യുകയും, പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

(ഡി) വിവിധ ചാനലുകളിലൂടെ സംപ്രേക്ഷണം ചെയ്യുന്നതിനായി ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് വഴി ഹ്രസ്വ ചിത്രങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly